# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4938 01/07/13-ൽ മറുപടിക്ക്

**<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മത്സ്യകൃഷി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ എവിടെയെല്ലാമാണ് മത്സ്യകൃഷി നടത്തി വരുന്നത്; | (എ) വെളിയം, ഉമ്മന്നൂർ, കരീപ്ര, എഴുകോൺ, കൊട്ടാരക്കര, നെടുവത്തൂർ, മൈലം, കുളക്കട എന്നീ ഗ്രാമപഞ്ചായത്തുകളിൽ മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. |
| (ബി) ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇവിടെ കൃഷി ചെയ്തുവരുന്നത്; | (ബി) കട്‌ല,രോഹു, മൃഗാൾ, കോമൺ കാർപ്പ്,ഗ്രാസ് കാർപ്പ്, കരിമീൻ എന്നീ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങളും കൂടാതെ മൈലം, കരീപ്ര, കൊട്ടാരക്കര, എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇവയോടൊപ്പം അലങ്കാരമത്സ്യങ്ങളും കൃഷി ചെയ്തുവരുന്നു. |
| (സി) മേൽപ്രകാരം കൃഷിചെയ്യുന്ന മത്സ്യങ്ങളുടെ വിളവെടുപ്പും വിപണനവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) കാർപ്പ് മത്സ്യങ്ങളുടെയും കരിമീൻ മത്സ്യങ്ങളുടെയും വിളവെടുപ്പ് 8 മാസം മുതൽ 10 മാസം കഴിയുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തി വരുന്നു. ഗുണമേന്മയുള്ള മത്സ്യങ്ങളുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിളവെടുക്കുന്ന മത്സ്യങ്ങൾ പ്രാദേശികമായി വിറ്റഴിക്കപ്പെടുകയാണ് ചെയ്യുന്നത്. |
| (ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) 2008-09 മുതൽ നടപ്പിലാക്കിയ മത്സ്യകേരളം പദ്ധതി പ്രകാരവും 2012-13 വർഷം മുതൽ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതി പ്രകാരവും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹി |

പ്പിച്ചുവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ മത്സ്യവിത്തുകൾ പൂർണ്ണമായും സൗജന്യമായി അതത് പഞ്ചായത്തുകളിൽ എത്തിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഏകദേശം 250-ഓളം കർഷകർ 28 ഹെക്ടർ ജലപ്രദേശത്ത് മത്സ്യകൃഷി ചെയ്തുവരുന്നു. എല്ലാവർഷവും കർഷകർക്ക് മത്സ്യകൃഷിക്കാവശ്യമായ പരിശീലനവും നൽകി വരുന്നു. ഒരു വർഷം ഏകദേശം 100 മുതൽ 150 വരെ കർഷകർ പ്രസ്തുത നിയോജക മണ്ഡലത്തിൽ സ്റ്റൈപ്പന്റോടുകൂടിയ മത്സ്യകൃഷി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നു. കൂടാതെ 'ആത്മ' സ്കീം വഴിയും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

ഇവ കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരവും ജില്ല പഞ്ചായത്തിന്റെ മത്സ്യമേഖലാ പദ്ധതിയിലും ഉൾപ്പെടുത്തി പ്രസ്തുത നിയോജക മണ്ഡലത്തിൽ 21 വനിതാ ഗ്രൂപ്പുകൾ അലങ്കാരമത്സ്യകൃഷിയുടെ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ